LIBRARY ARCHIVES Kerala Legislative Assembly

ആറ്റുകാൽ ക്ഷേത്രത്തിന് സമീപം പുതിയ പോലീസ് സ്റ്റേഷൻ

175 (1880) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ ആറ്റുകാൽ ക്ഷേത്രത്തിന് സമീപത്ത് പുതിയ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ആറ്റുകാൽ പോലീസ് സ്റ്റേഷൻ ശ്രേപീകരിക്കുകയാണെങ്കിൽ വർഷാവർഷം വരുന്ന ആവർത്തന ചെലവുകളുടെയും അനാവർത്തന ചെലവുകളുടെയും 50 ശതമാനം തുക ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് വഹിക്കണമെന്ന സർക്കാർ തലത്തിൽ നടന്ന മീറ്റിംഗിലെ തീരുമാനം, ടെമ്പിൾ ട്രസ്റ്റിന് സ്വീകാര്യമാകാത്തതിനാൽ, ആറ്റുകാൽ പോലീസ് സ്റ്റേഷൻ ശ്രേപീകരിക്കുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ല.

പോലീസിന്റെ പീഡനത്തിനിരയായവർ

176 (1871) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ നടത്തിയ സ്ത്രീപീഡന കേസുകൾ എത്രയാണ് ; പോലീസുകാർ പ്രതികളായ ബലാത്സംഗക്കേസുകൾ എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ പീഡനത്തിൽ മരണപ്പെട്ട സ്ത്രീകൾ എത്രയാണ് ; ആത്മഹത്യ ചെയ്ത സ്ത്രീകൾ എത്രയാണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ ഉൾപ്പെട്ട 127 സ്ത്രീ പീഡന കേസുകളും പോലീസുകാർ പ്രതികളായ 15 ബലാത്സംഗ കേസുകളും ഉണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പ്രതികളായതും പീഡനത്തിനിരയായതുമായ സ്ത്രീകളാരും മരണപ്പെട്ടിട്ടില്ല. കോഴിക്കോട് ജില്ലയിൽ ഒരു സ്ത്രീ ആത്മഹത്യ ചെയ്തിട്ടുണ്ട്.